പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5380 — 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ സമരം

ചോദ്യം
ശ്രീ. ഹൈബി ഈഡൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് അധിക രാത്രി ഡ്യൂട്ടി നൽകിയതിൽ പ്രതിഷേധിച്ച് സമരം നടത്തിയ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 313 മെക്കാനിക്കൽ ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സമരം മൂലം കെ.എസ്.ആർ. ടി.സി.ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (ബി) | മെയ് 1, മെയ് 2 എന്നീ സമരദിവസങ്ങളിൽ യഥാക്രമം 69,41,517-ഉം, 60,20,945-ഉം രൂപയുടെ വരുമാനക്കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ഇത്തരം സമരങ്ങൾക്ക് അവസരം നൽകാതെ ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിലെ രാത്രികാല ബസ് മെയിന്റനൻസുമായി ബന്ധപ്പെട്ട് ബസ്സിന് ആനുപാതികമായി മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയ ക്രമീകരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗം തൊഴിലാളികൾ അനധികൃതമായി ജോലിക്ക് ഹാജരാകാതെ സമരം ചെയ്യുകയുണ്ടായി ടി വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 02.05.2017-ൽ അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുകയും, ഡ്യൂട്ടി സമയക്രമീകരണത്തിലെ അപാകതകൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സമരങ്ങൾ ചൂണ്ടി കാണിച്ച് നോട്ടീസ് ലഭിച്ചാൽ തൊഴിലാളി സംഘടന നേതാക്കളുമായി കോർപ്പറേഷൻ തലത്തിലും സർക്കാർ തലത്തിലും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ